"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - തൃശ്ശൂർ കുന്നംകുളം താലൂക്ക് FPS 1882049 ലൈസൻസിനുള്ള അപേക്ഷ നിരസിച്ചത് - ശ്രീ.സുഗുണേന്ദ്രൻ കെ.പി സമർപ്പിച്ച റിവിഷൻ ഹർജി- WP(C).No.645/2024- മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 08/01/2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.146/2024/F&CS തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-

1. ശ്രീ. സുഗുണേന്ദ്രൻ കെ.പി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP.(C).No. 18809/2022 നമ്പർ ഹർജിയിന്മേലുള്ള 24/02/2023-ലെ വിധിന്യായം.
2. തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറുടെ 05/06/2023-ലെ ഡിഎസ്ഒ /റ്റിഎസ്ആർ/651/2022-എഫ് 2 നമ്പർ നടപടിക്രമം.
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 28/11/2023-ലെ DCTSR/ 7014/ 2023/C2-നം. ഉത്തരവ്
4. ശ്രീ.സുഗുണേന്ദ്രൻ കെ. പി. സമർപ്പിച്ച 02/12/2023-ലെ റിവിഷൻ ഹർജി
5. W.P(C).No.645/2024 -ലെ 08/01/2024-ലെ വിധിന്യായം.
6. പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണറുടെ 07/02/2024-ലെ CCS/422/2024/A13 നം.കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ല കുന്നംകുളം താലൂക്കിലെ കടങ്ങോട് ഗ്രാമപഞ്ചാത്ത് 4-ാം വാർഡിൽ കടങ്ങോട് വില്ലേജിൽ മില്ലുപടി പ്രദേശത്ത് ന്യായവിലകട 1882049-ന് പുതിയ ലൈസൻസിയെ നിയമിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ ക്ഷണിച്ചുകൊണ്ട് തൃശ്ശൂർ ജില്ല സപ്ലൈ ഓഫീസർ 16/05/2022 തീയതിയായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, വിജ്ഞാപന പ്രകാരം ശ്രീ. അലിഷ് കെ., ശ്രീമതി. ശോഭ പി.ബി. എന്നിവർ അപേക്ഷ സമർപ്പിക്കുകയും ആയതു സ്വീകരിക്കുകയും ചെയ്തു. എന്നാൽ ടി റേഷൻ കട ലൈസൻസ് സെയിൽസ്മാൻ എന്ന നിലയിൽ തനിക്ക് ലഭിക്കുന്നതിനും ടി വിജ്ഞാപനം ഒഴിവാക്കുന്നതിനും ശ്രീ.സുഗുണേന്ദ്രൻ കെ. പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C) 18809/2022 നമ്പർ ഫയൽ ചെയ്യുകയും ഹർജിയിലുള്ള

ബഹു.കോടതിയുടെ പരാമർശം (1) പ്രകാരമുളള വിധിന്യായം അനുസരിച്ച്, ശ്രീ.സുഗുണേന്ദ്രൻ കെ.പി. കുന്നംകുളം താലൂക്കിലെ 1882049 നമ്പർ ന്യായവിലകടയുടെ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ജില്ല സപ്ലൈ ഓഫീസർ വിശദമായി പരിശോധിക്കുകയും ടിയാന് നേർക്കാഴ്ചക്ക് അവസരം നൽകുകയും ചെയ്തു.

2. കുന്നംകുളം താലൂക്കിലെ ന്യായവിലകട നം. 1882049- ( മുൻപ് തലപ്പിള്ളി താലൂക്കിലെ ന്യായവിലകട 1842067) സ്ഥിരമായി റദ്ദ് ചെയ്യുന്നത് വരെ ശ്രീ. സുഗുണേന്ദ്രൻ കെ.പി. സേവനം അനുഷ്ഠിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാലും KTPDS order 2021 ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ലാത്തതിനാലും തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസർ പരാമർശം (1)-ലെ വിധിന്യായം പാലിച്ചുകൊണ്ടും, ശ്രീ. സുഗുണേന്ദ്രൻ കെ.പി.യുടെ അപേക്ഷ നിരസിച്ചുകൊണ്ടും, ന്യായവിലകടയുടെ വിജ്ഞാപനം റദ്ദ് ചെയ്തുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. പരാമർശം (2)-ലെ ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവിനെതിരെ ശ്രീ. സുഗുണേന്ദ്രൻ കെ.പി. തൃശ്ശൂർ ജില്ലാകളക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ആയതുപ്രകാരം ജില്ലാ കളക്ടർ അപേക്ഷകനേയും, ജില്ലാ സപ്ലൈ ഓഫീസറേയും നേർവിചാരണ നടത്തുകയുമുണ്ടായി. കുന്നംകുളം താലൂക്കിലെ ന്യായവിലകട 1882049-ന്റെ നിയമനവുമായി ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫിസറുടെ ഉത്തരവിൽ ഇടപെടുവാൻ തക്ക സാഹചര്യം ഇല്ലെന്നുകണ്ട് ശ്രീ. സുഗുണേന്ദ്രൻ കെ.പി. യുടെ അപ്പീൽ അപേക്ഷ നിരസിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

4. പരാമർശം (2),(3) ഉത്തരവുകൾക്കെതിരെ ശ്രീ. സുഗുണേന്ദ്രൻ കെ.പി. പരാമർശം (4) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും, ബഹു.ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്യുകയുമുണ്ടായി. ഒന്നാം എതിർകക്ഷിയായ സർക്കാർ, പരാതിക്കാരനെ നേരിൽ കേട്ട്, സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൻമേൽ ഉചിതമായ തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ബഹു.ഹൈക്കോടതി പരാമർശം (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

5. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന ഹർജിക്കാരനായ ശ്രീ സുഗുണേന്ദ്രനെ 20.02.2024 ന നേരിൽ കേൾക്കാൻ തീരുമാനിക്കുകയും ഇദ്ദേഹത്തെ പ്രധിനിധീകരിച്ചു ടിയാന്റെ അഭിഭാഷകൻ ശ്രീ വേണുഗോപാൽ ഹാജരാകുകയുമുണ്ടായി. ഹർജിക്കാരന് KTPDS rule 37 (5) അനുസരിച്ചുള്ള നിയമാനുസൃതമായ എല്ലാ യോഗ്യതകളും ഉണ്ടെന്നും ഹർജിക്കാരന്റെ അപ്പീൽ തള്ളിയ ഉത്തരവ് ടിയാന് കൈമാറുന്നതിന് പകരം തൊട്ടടുത്തദിവസം ടിയാന്റെ മതിലിൽ ഒട്ടിച്ച നടപടി തെറ്റാണെന്നും തൃശ്ശൂർ DSO യുടെ ഭാഗത്തുനിന്നും ഹർജിക്കാരന്റെ അപേക്ഷ നിരസിക്കാൻ അനാവശ്യ ധൃതി ഉണ്ടായെന്നും ബോധിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിലുള്ള ജില്ലാ സപ്ലൈ ആഫീസറുടെയും ജില്ലാകളക്ടറുടെയും ഉത്തരവുകൾ,ശ്രീ സുഗുണേന്ദ്രന്റെ വാദം,ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം പൊതുവിതരണ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർ ട്ട് എന്നിവ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി .

5. കുന്നകുളം താലൂക്കിലെ ന്യായവിലകട നം 1882049- ( മുൻപ് ടി കട തലപപ്പിള്ളി താലൂക്കിലെ ന്യായവിലകട 1842067 ആയിരുന്നു) സ്ഥിരമായി റദ്ദ് ചെയ്യുന്നത് വരെ ശ്രീ. സുഗുണേന്ദ്രൻ കെ പി സേവനം അനുഷ്ഠിച്ചിട്ടില്ല എന്ന് കണ്ടതിന്റെയും KTPDS order 2021 നിലവിൽ വരുന്നതിനു മുൻപ് ലൈസൻസ് റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവില കടകളിലെ സെയിൽസ് മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ അതേ ന്യായവില കടയിൽ സെയിൽസ്മാൻ / സെയിൽസ് വുമൻ ആയി പ്രവൃത്തിപരിചയം ഉണ്ടെങ്കിൽ കൂടിയും മേൽ ഉത്തരവ് ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല . കുന്നംകുളം താലൂക്കിലെ ന്യായവിലകട 1882049 റദ്ദ് ചെയ്തിരിക്കുന്നത് തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറുടെ 31/03/1998 തീയതിയിലെ ബി-631/97 നമ്പർ നടപടിക്രമം പ്രകാരമാണ് അതായത് കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വരുന്നതിനും 23 വർഷങ്ങൾക്ക് മുൻപാണ്. ടി സാഹചര്യത്തിലാണ് 24/02/23 തിയതിയിലെ WP(C) 18809/22 നമ്പർ വിധിന്യായം പാലിച്ചുകൊണ്ട്, ശ്രീ. സുഗുണേന്ദ്രൻ കെ.പി. യുടെ അപേക്ഷ നിരസിച്ചുകൊണ്ടും ജില്ലാ സപ്ലൈ ഓഫിസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഇതിനെതിരെ ശ്രീ. സുഗുണേന്ദ്രൻ കെ.പി തൃശ്ശൂർ ജില്ലാകളക്ടർക്ക് നൽകിയ അപ്പീൽ അപേക്ഷയിൽ ജില്ലാ കളക്ടർ അപേക്ഷകനേയും, ജില്ലാ സപ്ലൈ ഓഫീസറേയും നേർവിചാരണ നടത്തി കുന്നംകുളം താലൂക്കിലെ ന്യായവിലകട 1882049-ന്റെ നിയമനവുമായി ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫിസറുടെ ഉത്തരവിൽ ഇടപെടുവാൻ തക്ക സാഹചര്യം ഇല്ലെന്നുകണ്ട് ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെന്നും കാണാവുന്നതാണ്.

6. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 പ്രകാരം ന്യായവിലകട ലൈസൻസിയാകുവാൻ യോഗ്യനല്ലാത്ത വ്യക്തിയായതിനാലാണ് ജില്ല സപ്ലൈ ഓഫീസറും ജില്ല കളക്ടറും ടിയാന്റെ അപേക്ഷ നിരസിച്ച ഉത്തരവായത്. ടി ന്യായവിലകടയ്ക്ക് പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിനായി സംവരണക്രമം പാലിച്ചുകൊണ്ട് പട്ടികജാതി സംവരണ വിഭാഗത്തിൽ നിന്നും യോഗ്യരായ അപേക്ഷകരെ തേടി പുനഃവിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ടി നടപടികൾ പൂർത്തീകരിക്കേണ്ട ആവശ്യം നിലനിൽക്കുന്നുണ്ട്. ആവശ്യമായ യോഗ്യത ഇല്ലാത്തതിനാൽ നിയമപരമായി ശ്രീ.സുഗുണേന്ദ്രന് ലൈസൻസ് അനുവദിക്കാൻ നിർവാഹമില്ലാത്തതാണ്.

7. മേൽ സാഹചര്യത്തിൽ കുന്നംകുളം താലൂക്കിലെ ന്യായവിലകട നം. 1882049-ന്റെ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ശ്രീ. സുഗുണേന്ദ്രൻ കെ.പിയുടെ ആവശ്യം നിരസിച്ചുകൊണ്ടുള്ള ജില്ലാ സപ്ലൈ ആഫീസറുടെയും ജില്ലാകളക്ടറുടെയും പരാമർശം 2,3 പ്രകാരമുള്ള ഉത്തരവുകൾ റദ്ദാക്കേണ്ട സാഹചര്യം നിലവിലില്ല എന്നതിനാൽ ടിയാന്റെ സൂചന 4 പ്രകാരമുള്ള റിവ്യൂപെറ്റീഷൻ (Ext.P7) തള്ളിക്കൊണ്ടും WP(C).No.645/2024 മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 08/01/2024 ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

8. തൃശ്ശൂർ ജില്ല കുന്നംകുളം താലൂക്കിലെ കടങ്ങോട് ഗ്രാമപഞ്ചാത്ത് 4-ാം വാർഡിൽ കടങ്ങോട് വില്ലേജിൽ മില്ലുപടി പ്രദേശത്ത് ന്യായവിലകട 1882049-ന്റെ ലൈസൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീ സുഗുണേന്ദ്രൻ കെ. പി,കുഴിപറമ്പിൽ ഹൗസ്, കടങ്ങോട്,കുന്നംകുളം,തൃശ്ശൂർ 680584
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, എറണാകുളം.
4.ജില്ലാ സപ്ലൈഓഫീസർ,തൃശ്ശൂർ
5.താലൂക്ക് സപ്ലൈഓഫീസർ,കുന്നംകുളം.
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 18-06-2024 16:47:06
സെക്ഷൻ ഓഫീസർ